LIBRARY ARCHIVES Kerala Legislative Assembly

## പി.എസ്.സി. നിയമനങ്ങൾ

81 (82) ശ്രീ. സണ്ണി ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ സർവ്വീസിലുണ്ടാകുന്ന ഒഴിവുകൾ യഥാസമയം പി.എസ്.സി. വഴി നികത്തുവാൻ കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ കാരണം എന്താണ്;

(ബി) പി.എസ്.സി. യുടെ അഡ്വൈസ് മെമ്മോ ലഭിച്ച് മാസങ്ങൾ കഴിഞ്ഞിട്ടും നിയമന ഉത്തരവ് ലഭിക്കാതിരിക്കുന്ന സാഹചര്യത്തിന് കാരണം എന്താണ്;

(സി) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം റാങ്ക് ലിസ്റ്റുകളുടെ കാലാവധി ദീർഘിപ്പിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

### ഉത്തരം

(എ) നിയമനാധികാരി എഴുതി അറിയിക്കുന്ന ഒഴിവുകളിൽ റാങ്ക് പട്ടിക പ്രാബല്യത്തിലുള്ള തസ്തികകളിലേയ്ക്ക് താമസംവിനാ പി.എസ്.സി. നിയമന ശിപാർശ നൽകി വരുന്നുണ്ട്. റാങ്ക് പട്ടിക നിലവിലില്ലാത്ത തസ്തികകളിൽ പി.എസ്.സി. അപേക്ഷ ക്ഷണിച്ച് റാങ്ക് പട്ടിക തയ്യാറാക്കി നിയമന ശിപാർശ നൽകുകയും ചെയ്യുന്നുണ്ട്.

(ബി) വകുപ്പുകളിൽനിന്നും എഴുതി അറിയിക്കുന്ന ഒഴിവുകളിലേയ്ക്കാണ് പി.എസ്.സി. നിയമന ശിപാർശ നൽകുന്നത്. നിയമന ശിപാർശയുടെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട നിയമനാധികാരിയാണ് നിയമന ഉത്തരവ് നൽകുന്നത്.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം റാങ്ക് പട്ടികകളുടെ കാലാവധി രണ്ട് പ്രാവശ്യം ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി*(I&II) ചേർക്കുന്നു.

## അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ

82 (83) ഡോ. എൻ. ജയരാജ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ 2016 ജനുവരി മുതൽ ഏതൊക്കെ ജില്ലകളിലെ ഏതൊക്കെ വകുപ്പുകളിൽ പരിശോധന നടത്തിയെന്ന് വ്യക്തമാക്കാമോ, ആയതിന് യാത്രാബത്ത അനുവദിച്ചിട്ടുണ്ടോ ;വിശദമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2016 ജനുവരിക്കുശേഷം ജീവനക്കാർ വിരമിച്ച തസ്തികകളിലെ ഒഴിവുകൾ റിപ്പോർട്ട് ചെയ്യാൻ നിർദേശം നല്കിയിട്ടുണ്ടോ; വകുപ്പ്, തസ്തിക തിരിച്ച് കണക്ക് സൂക്ഷിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ;

(സി) ഒഴിവുകൾ കൃത്യമായി റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തുന്നവരെ കണ്ടെത്താൻ വകുപ്പ്, തസ്തിക തിരിച്ച കണക്ക് സൂക്ഷിക്കുന്നത് ഉചിതമെന്ന് കരുതുന്നുണ്ടോ;

(ഡി) വിജിലൻസ് സെല്ലിന്റെ പ്രവർത്തനം വിലയിരുത്തുന്നത് ഏത് ഉദ്യോഗസ്ഥനാണ്, പ്രതിമാസ പ്രവർത്തന റിപ്പോർട്ട് സമർപ്പിക്കാറുണ്ടോ;2016 ജനുവരി മുതൽ സമർപ്പിച്ച പ്രസ്തുത റിപ്പോർട്ടുകളുടെ പകർപ്പ് ലഭ്യമാക്കാമോ;

(ഇ) വിജിലൻസ് സെൽ നിർദേശം നല്കിയിട്ടും ഒഴിവുകൾ റിപ്പോർട്ട് ചെയ്യാത്ത ഉദ്യോഗസ്ഥർക്കെതിരെ നടപടിക്ക് ശിപാർശ ചെയ്തിട്ടുണ്ടോ;പ്രസ്തുത ശിപാർശകളുടെ പകർപ്പ് ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) 2001-2010 കാലയളവിൽ നടന്ന പി.എസ്.സി. നിയമനങ്ങളുടെ സാധുത പരിശോധനയുടെ ഭാഗമായി സംസ്ഥാനത്തെ വിവിധ വകുപ്പുകളുടെ കീഴിലുള്ള ഓഫീസുകളിൽ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ പരിശോധന നടത്തിവരുന്നുണ്ട്. കൂടാതെ സംസ്ഥാനത്തെ വിവിധ വകുപ്പുകളിലെ ഓഫീസുകളിൽ ആകസ്മിക പരിശോധനകളും നടത്തിവരുന്നുണ്ട്. ഇത്തരത്തിൽ നടത്തുന്ന പരിശോധനകൾക്ക് നിയമാനുസൃതമുള്ള യാത്രാബത്ത ഉദ്യോഗസ്ഥർക്ക് നൽകാറുണ്ട്.

(ബി&സി) ജീവനക്കാർ വിരമിക്കുന്നതുമൂലമുണ്ടാകുന്ന ഒഴിവുകൾ ഉൾപ്പെടെയുള്ള എല്ലാ ഒഴിവുകളും യഥാസമയം പി.എസ്.സി.-യെ അറിയിക്കണമെന്ന് എല്ലാ വകുപ്പ് മേധാവികൾക്കും നിർദ്ദേശം നൽകുകയും 2016 ഡിസംബർ മാസത്തിൽ ഇന്റൻസീവ് വേക്കൻസി റിപ്പോർട്ടിംഗിന്റെ ഭാഗമായി സംസ്ഥാനത്തെ എല്ലാ ജില്ലകളിലേയും പ്രധാന ഓഫീസുകളിലും ഡയറക്ടറേറ്റുകളിലും അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെല്ലിലെ ഉദ്യോഗസ്ഥർ പരിശോധന നടത്തിയതിന്റെ അടിസ്ഥാനത്തിൽ 2394 ഒഴിവുകൾ കണ്ടെത്തുകയും അത് പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. റിപ്പോർട്ട് ചെയ്യുന്ന ഒഴിവുകളുടെ വിശദമായ കണക്കുകൾ ബന്ധപ്പെട്ട

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുമേധാവികളാണ് സൂക്ഷിക്കാറുള്ളത്. ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിൽ വീഴ്ച വരുത്തിയാൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്കെതിരെ വകുപ്പുതല അച്ചടക്ക നടപടിയടക്കമുള്ള ശിക്ഷാനടപടികൾ കൈക്കൊള്ളാൻ അഡ്മിനിസ്ട്രേറ്റീവ് വിജിലൻസ് സെൽ ശിപാർശ ചെയ്യും.

(ഡി) വിജിലൻസ് സെല്ലിന്റെ പ്രവർത്തനം എല്ലാ മാസവും അഡീഷണൽ സെക്രട്ടറി തലത്തിലും മൂന്ന് മാസത്തിലൊരിക്കൽ വകുപ്പ് സെക്രട്ടറി തലത്തിലും വിലയിരുത്തി വരുന്നുണ്ട്. ഓരോ വകുപ്പിലേയും നിയമന പരിശോധനയുടെ അടിസ്ഥാനത്തിലുള്ള വിശദമായ റിപ്പോർട്ടുകളും ആകസ്മിക പരിശോധനാ റിപ്പോർട്ടുകളും ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് സമർപ്പിക്കാറുണ്ട്.

(ഇ) ഒഴിവുകൾ റിപ്പോർട്ട് ചെയ്യുന്നതിനായി കാലാകാലങ്ങളിൽ വകുപ്പ് മേധാവികൾക്ക് നിർദ്ദേശം നൽകുകയും പ്രസ്തുത നിർദ്ദേശം യഥാസമയം നടപ്പിലാക്കുന്നുണ്ടെന്ന് ഉറപ്പുവരുത്തുകയും ചെയ്യുന്നുണ്ട്.

## വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ

83 (84) <u>ശ്രീ. കെ. ഡി. പ്രസേനൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈ-ഫൈ പ്രസരണ കേന്ദ്രങ്ങൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം മേഖലകളിലാണ് ഇവ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വിശദമാക്കുമോ;

(സി) സാധാരണ ജനങ്ങൾക്ക് സൗജന്യ അടിസ്ഥാന ഇന്റർനെറ്റ് സേവനം ലഭ്യമാക്കുമോ; എങ്കിൽ വിശദമാക്കാമോ?

### ഉത്തരം

(എ) ഉദ്ദേശിക്കുന്നുണ്ട്. 6-3-2017-ലെ സർക്കാർ ഉത്തരവ് G.O(Rt)No.58/2017/ITD പ്രകാരം 1000 വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ പൊതു ഇടങ്ങളിൽ സ്ഥാപിക്കുവാനായി അനുമതി നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനമൊട്ടാകെ ജനത്തിരക്കുള്ള ബസ്സ്റ്റാൻഡുകൾ, റെയിൽവേ സ്റ്റേഷനുകൾ, പാർക്കുകൾ, ലൈബ്രറികൾ, സർക്കാർ സ്ഥാപനങ്ങൾ മുതലായ സ്ഥലങ്ങളിലാണ് വൈ-ഫൈ ഹോട്ട് സ്പോട്ടുകൾ സ്ഥാപിക്കുന്നത്. ഓരോ ജില്ലകളിലേയും വൈ-ഫൈ ഹോട്ട്സ്പോട്ടുകൾ സ്ഥാപിക്കുവാനുള്ള സ്ഥലങ്ങൾ കണ്ടെത്തുന്നത് അതാത് ജില്ലാ കളക്ടറാണ്.